**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3287** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആയുഷ് വകുപ്പിന്റെ പ്രസക്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച എല്ലാ നിർദ്ദേശങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | അതത് സമയങ്ങളിൽ കേന്ദ്ര ആയുഷ് മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്ത് കൊണ്ട് കൂടിയാണ് കോവിഡ് പ്രതിരോധ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 08.04.2020-ലെ സ.ഉ.(സാധാ) നം.156/2020/ആയുഷ്, 15.05.2020-ലെ സ.ഉ.(സാധാ) നം.180/2020/ആയുഷ് എന്നിവ പ്രകാരം ആയുർവേദ വൈദ്യശാസ്ത്രമനുസരിച്ചുള്ള പ്രതിരോധം, ശമനം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും 21.04.2020-ലെ സ.ഉ.(സാധാ) നം.161/2020/ആയുഷ് പ്രകാരം ഹോമിയോപ്പതി വൈദ്യശാസ്ത്രമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും 20.05.2020-ലെ സ.ഉ.(സാധാ) നം.186/2020/ആയുഷ് പ്രകാരം സിദ്ധ വൈദ്യശാസ്ത്രമനുസരിച്ചുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനത്തിനും അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഹോമിയോപ്പതി ഗവേഷണത്തിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും സർക്കാർ ആവശ്യമായ ഫണ്ട് നൽകുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | ഹോമിയോപ്പതി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 3,55,03,000/- രൂപയുടെ അധിക ധനാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാന ഹോമിയോപ്പതി വകുപ്പിന്റെ ജനനി പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്നും ഏതൊക്കെ ജില്ലകളിലാണ് ആയത് നടപ്പിലാക്കി വരുന്നതെന്നും വ്യക്തമാക്കാമോ; | (സി) | കുട്ടികളില്ലാത്ത ദമ്പതികൾക്ക് ഹോമിയോപ്പതി ചികിത്സയിലൂടെ സന്താന സൗഭാഗ്യം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന വന്ധ്യതാ നിവാരണ പദ്ധതിയാണ് 'ജനനി'. എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ കൊടുക്കുന്നുണ്ടോയെന്നറിയിക്കാമോ; ഈ മരുന്നുകൾ എവിടെ നിന്നുമാണ് വാങ്ങുന്നത് | (ഡി) | സംസ്ഥാനത്ത് ഇമ്മ്യൂൺ ബൂസ്റ്റർ മരുന്നുകൾ വിതരണം ചെയ്തുവരുന്നുണ്ട്. ഈ മരുന്നുകൾ ഹോംകോയിൽ നിന്നാണ് വാങ്ങുന്നത്. |

| | | | |
|---|---|---|---|
| | എന്നറിയിക്കാമോ; ആയതിൽ ഹോംകോയുടെ പങ്ക് വ്യക്തമാക്കമോ; ഹോംകോയ്ക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോയെന്നും മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് കുടിശ്ശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും അറിയിക്കാമോ; | | ഹോമിയോപ്പതി വകുപ്പിന് മരുന്ന് വാങ്ങുന്നതിന് അംഗീകൃതമായ സ്ഥാപനമാണ് ഹോംകോ. 2210-02-195-99 ഹെഡ് ഓഫ് അക്കൗണ്ടിന് കീഴിൽ വിവിധ സാമ്പത്തിക വർഷങ്ങളിൽ ഹോംകോയ്ക്ക് ധനസഹായം അനുവദിക്കാറുണ്ട്. 2021-22 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് സഹായ ധനമായി 1,00,00,000/- രൂപ (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. വിവിധ സർക്കാർ ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് നൽകുന്നതിനായി ഹോംകോയിലേയ്ക്ക് തുക മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. ഈ ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല. |
| (ഇ) | കേന്ദ്ര ഫണ്ട് ലഭ്യമാക്കുവാൻ എത്ര പ്രൊപ്പോസലുകളാണ് ആയുഷ് വകുപ്പ് സമർപ്പിച്ചതെന്നും ഇതിൽ എത്രയെണ്ണത്തിന് അനുമതി ലഭിച്ചു എന്നും വ്യക്തമാക്കാമോ.; | (ഇ) | 2014-15 മുതൽ നാഷണൽ ആയുഷ് മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ/ അപ്രൂവൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |
| (എഫ്) | നാഷണൽ ആയുഷ് മിഷനിലേക്ക് 2019-20 വർഷത്തിലും തുടർന്നുള്ള സാമ്പത്തിക വർഷത്തിലും എത്ര ബിൽഡിംഗ് നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചുവെന്നും അവയിൽ ഏതിനൊക്കെ അനുമതി ലഭിച്ചുവെന്നും എന്നറിയിക്കാമോ? | (എഫ്) | കെട്ടിട നിർമ്മാണത്തിനുള്ള ഒരു പ്രൊപ്പോസലാണ് 2019-20 സാമ്പത്തിക വർഷത്തിൽ നാഷണൽ ആയുഷ് മിഷനിൽ സമർപ്പിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ 50 കിടക്കകളുള്ള ഇന്റഗ്രേറ്റഡ് ആയുഷ് ആശുപത്രിയുടെ നിർമ്മാണത്തിനായുള്ളതായിരുന്നു പ്രസ്തുത പ്രൊപ്പോസൽ. ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഗഡുവായി 2019-20-ൽ 1 കോടി രൂപയും, 2020-21-ൽ 4.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതി അനുസരിച്ച് ബാക്കി തുക ലഭിക്കുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി പുതിയതായി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ